ഹദീസ്

കെ.സി ജലീൽ പുളിക്കൽ

# എല്ലാം നഷ്ടപ്പെടുത്തുന്ന ചതിക്കുഴികൾ

عَنْ ابْنِ مَسْعُودٍ قَالَ: سَمِعْتُ رَسُولَ اللَّهِ صلى الله عليه وسلم يَقُولُ :

إِنَّ الرُّقَى وَالتَّمَائِمَ وَالتِّوَلَةَ شِرْكٌ (ابوداود).

**ഇബ്നു മസ്ഊദിൽനിന്ന്. നബി(സ) പറയുന്നതായി ഞാൻ കേട്ടു: 'മന്ത്രങ്ങളും ഉറുക്കുകളും വശീകരണ സൂത്രങ്ങളും ശിർക്കാകുന്നു' (അബൂദാവൂദ്).**

'ഇരുണ്ട യുഗ'ത്തിലേക്ക് ദിവ്യപ്രകാശവുമായാണല്ലോ അന്ത്യപ്രവാചകൻ കടന്നുവന്നത്. ശിർക്കിലധിഷ്ഠിതമായ സംസ്കാരമായിരുന്നു അന്നത്തെ അറബികളെ ഇരുളിലേക്ക് നയിച്ചത്. ശിർക്കിന്റെ മറവിൽ ഏത് അക്രമത്തെയും അനീതിയെയും ന്യായീകരിക്കാനും ഏത് വൃത്തികേടിനെയും വിശ്വാസത്തിന്റെയും ആചാരത്തിന്റെയും മേലങ്കിയണിക്കാനും സാധിച്ചിരുന്നു. അക്രമവും അനീതിയും അധർമവും നിയമസാധുത ലഭിച്ച 'ധീരകർമ'മാവുകയായിരുന്നു ഇതിന്റെ അനന്തരഫലം.

ഇതുപോലെത്തന്നെ എത്ര കടുത്ത അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും സദാചാരത്തിന്റെ മൂടുപടമണിയിക്കാനും ശിർക്കിന് സാധിച്ചിരുന്നു. ശിർക്കിലധിഷ്ഠിതമായ, അഥവാ ശിർക്കിന്റെ ഘടകങ്ങൾ തന്നെയായിത്തീർന്ന നിരവധി അന്ധവിശ്വാസങ്ങളായിരുന്നു അന്നത്തെ ജാഹിലീ സമൂഹത്തിൽ നടമാടിയിരുന്നത്. അക്കൂട്ടത്തിൽ മൂന്നെണ്ണമാണ് ഈ നബിവചനത്തിലുള്ളത്.

'ശിർക്ക്' എന്ന പദം കേൾക്കുമ്പോൾ തന്നെ സത്യവിശ്വാസി ഞെട്ടിത്തരിച്ചുപോകും. അത്രയും അപകടകരമാണത്. ശിർക്കിനോടടുത്തു പോയാൽ, അണുഅളവ് ശിർക്ക് വിശ്വാസത്തിലോ കർമങ്ങളിലോ വന്നുപോയാൽ എല്ലാം നശിച്ചതു തന്നെ. ഖുർആൻ പറയുന്നു: ''നീ ശിർക്ക് ചെയ്താൽ നിന്റെ പ്രവർത്തനങ്ങളത്രയും പാഴായിപ്പോവുകയും തീരാനഷ്ടത്തിലകപ്പെടുകയും ചെയ്യുമെന്ന് താങ്കൾക്കും മുൻപ്രവാചകന്മാർക്കും ദിവ്യബോധനം നൽകപ്പെട്ടിട്ടുണ്ട്'' (*അസ്സുമർ*: 65). ''നിശ്ചയം അല്ലാഹുവിൽ പങ്ക് ചേർക്കൽ അവനൊരിക്കലും പൊറുക്കില്ല. മറ്റേതും അവനിഛിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കും. അല്ലാഹുവിൽ പങ്കു ചേർത്തവൻ അതിവിദൂരമായ ദുർമാർഗത്തിലാണകപ്പെട്ടത്' (*അന്നിസാഅ്*: 116).

''വല്ലവനും അല്ലാഹുവിൽ പങ്കു ചേർത്താൽ അല്ലാഹു അവന് സ്വർഗം നിഷിദ്ധമാക്കിയിരിക്കുന്നു. നരകമാണവരുടെ നിത്യസങ്കേതം, അക്രമികൾക്ക് സഹായികളില്ല തന്നെ'' (*അൽമാഇദ*: 72).

ഇനിയും എത്രയെത്ര ഖുർആൻ സൂക്തങ്ങളാണ് ശിർക്കിന്റെ വൻ വിപത്തിലേക്ക് വിരൽ ചൂണ്ടുന്നത്! അതിനാൽ തിരുവചനത്തിലടങ്ങിയ മൂന്ന് കാര്യങ്ങളും ശിർക്കാണെന്ന പ്രവാചകന്റെ പ്രസ്താവന മാത്രം മതി സത്യവിശ്വാസിക്ക് മൂന്നിനെയും വിട്ട് ഓടിയകലാൻ. അല്ലാഹു അല്ലാത്തവരിൽനിന്ന് അഭൗതിക രൂപത്തിൽ അനുഗ്രഹമോ സഹായമോ ലഭിക്കുമെന്ന വിശ്വാസമാണ് ബഹുദൈവ വിശ്വാസികളെ ഈ മൂന്ന് ക്ഷുദ്ര പ്രവർത്തനങ്ങളിലേർപ്പെടാൻ പ്രേരിപ്പിച്ചിരുന്നത്.

ജിന്ന്, മലക്ക്, മഹാന്മാർ, പുണ്യപുരുഷന്മാർ തുടങ്ങിയവരുടെ അദൃശ്യ സഹായങ്ങളിലൂടെ രോഗശമനവും മറ്റും ലഭിക്കുമെന്ന വിശ്വാസത്തോടെ നടത്തപ്പെടുന്ന ഒന്നാണ് ഹദീസിൽ പറഞ്ഞ മന്ത്രവാദം (റുഖാ). അദൃശ്യ ശക്തികളുടെ സഹായത്താൽ ആളുകളെ വശീകരിക്കാനുതകും എന്ന വിശ്വാസത്തിൽ ദേഹത്തിൽ കെട്ടുന്ന ഉറുക്ക് പോലുള്ളതിനാണ് 'തിവലത്ത്' എന്ന് പറയുന്നത്. കണ്ണേറ്, പിശാചിന്റെ ഉപദ്രവം തുടങ്ങിയവ അദൃശ്യ ശക്തികളുടെ സഹായത്തോടെ തടയാനാകുമെന്ന വിശ്വാസത്തോടെ കഴുത്തിലും മറ്റും കെട്ടുന്ന അയിക്കല്ല്, ഏലസ്സ് തുടങ്ങിയവക്കാണ് 'തമാഇമ്' എന്നു പറയുക.

അല്ലാഹു അല്ലാത്തവരിൽനിന്ന് അദൃശ്യരൂപത്തിൽ സഹായം ലഭിക്കുമെന്ന വിശ്വാസം കാരണമാണ് ഇവ മൂന്നും അത്യന്തം അപകടകരമായ ശിർക്കിലുൾപ്പെട്ടത്. 'പക്ഷി ലക്ഷണം നോക്കലും ശകുനം നോക്കലും പ്രശ്നം വെക്കലുമെല്ലാം ജിബ്തിൽ (ക്ഷുദ്ര വിശ്വാസത്തിൽ) പെട്ടതാണ്' (അബൂദാവൂദ്) എന്ന നബിവചനവും ഇതോട് ചേർത്തു വായിക്കാം. ജ്യോത്സ്യനെ സമീപിക്കുന്നതിനെയും പ്രവാചകൻ (സ) കർശനമായി വിലക്കിയിരുന്നു.

ഇത്തരം ജാഹിലീ വിശ്വാസങ്ങൾ അമ്പതും അറുപതും വർഷങ്ങൾക്കപ്പുറം കേരളത്തിൽ വ്യാപകമായി നിലനിന്നിരുന്നു. നവോത്ഥാന പ്രവർത്തനങ്ങളുടെ ശക്തമായ മുന്നേറ്റത്തിൽ ഉൾവലിഞ്ഞിരുന്ന ഇത്തരം ക്ഷുദ്രവിശ്വാസങ്ങൾ വീണ്ടും അങ്ങിങ്ങ് തലപൊക്കുന്നത് സത്യവിശ്വാസികൾക്ക് ഒരിക്കലും കണ്ടില്ലെന്നു നടിക്കാനാവില്ല. ●